# കേരള കാർഷിക സർവ്വകലാശാല

## എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം

കുമരകം കുമരകം പി.ഒ, പിൻ: 686563, ഫോൺ: 0481-2524621

Website: www.kau.in, E-mail: edkumarakom@kau.in


നമ്പർ: ഇ.ഡി/ബി/629/2018 തീയ്യതി: 23/05/2023

**ഇ-ദർഘാസ് പരസ്യം നമ്പർ** : 01/2023-24

കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർക്കു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ (i/c), എഞ്ചിനീയറിംഗ് ഡിവിഷൻ, കുമരകം താഴെ പറയുന്ന പ്രവൃത്തികൾക്ക് അംഗീകൃത കരാറുകാരിൽ നിന്നും **ഇ-ദർഘാസ്** ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഏകദേശ അടങ്കൽ തുക | നിരതദ്രവ്യം രൂപ | കാലാവധി | ദർഘാസ് വില + 18% ജി.എസ്.ടി ഉൾപ്പെടെ |
|---|---|---|---|---|---|
| 1. | ICAR വികസന സഹായധനം - KVK കോട്ടയത്തിന്റെ വടക്കു പടിഞ്ഞാറ് അതിർത്തിയിൽ (താജിന്റെ വശം) സംരക്ഷണ ഭിത്തിയുടെയും ചെയിൻ ലിങ്ക് വേലിയുടെയും നിർമ്മാണം | 25,00,000/- | 50,000/- | **3** മാസം | 2950/- |
| 2. | SHM പദ്ധതി - RARS കുമാരകത്തിലെ ടൈപ്പ് V ക്വാർട്ടേഴ്സ് ബയോ കൺട്രോൾ ലാബ് ആക്കി മാറ്റുന്നതിന് വേണ്ടിയുള്ള അറ്റകുറ്റപ്പണികളും നവീകരണവും | 13,00,000/- | 32,500/- | **4** മാസം | 2950/- |

**കരാറുകാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യത:**

ക്രമ നമ്പർ 1&2 “ഡി” ക്ലാസ്സും കൂടുതലും

<u>പി.ഡബ്ല്യു.ഡി/ഇറിഗേഷനിൽ രജിസ്റ്റർ ചെയ്ത കരാറുകാരായിരിക്കേണ്ടതാണ്.</u>

| ഇ-ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി | ഇ-ദർഘാസ് തുറക്കുന്ന സമയം |
|---|---|
| ക്രമ നമ്പർ 1 മുതൽ 2 വരെ 03/06/2023 3.00 (pm) വരെ | ക്രമ നമ്പർ 1 മുതൽ 2 വരെ 06/06/2023 3.00 (pm) |

## <u>ദർഘാസ് വില്പന:</u>

ടെൻഡർ ഫോമും ടെൻഡർ ഷെഡ്യൂളും റേറ്റ് രേഖപ്പെടുത്തേണ്ട ഷീറ്റും കരാറുകാർക്ക് കേരള ഗവൺമെന്റിന്റെ ഇ-പ്രൊക്യൂർമെന്റ് വെബ്സൈറ്റിൽ ലഭ്യമാണ്. കരാറുകാർ ദർഘാസുകൾ ഓൺലൈൻ ആയി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസ് രേഖകൾ <u>www.etenders.kerala.gov.in</u> എന്ന സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതും പൂരിപ്പിച്ച ടെൻഡർ ഫോമും ആവശ്യമായ മറ്റ് രേഖകൾ സഹിതം <u>രജിസ്റ്റേർഡ് തപാലോ/സ്പീഡ് പോസ്റ്റ്/കൊറിയർ മുഖേനയും സമർപ്പിക്കേണ്ടതാണ്.</u>

<u>ടെൻഡർ ഫോമിന്റെ നിശ്ചിത വിലയും നിരതദ്രവ്യവും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എസ്.ബി.ഐ, കുമരകം ബ്രാഞ്ചിൽ ഇ-ദർഘാസ് വഴി ഓൺലൈൻ ആയി പണമടക്കേണ്ടതാണ്/സമർപ്പിക്കേണ്ടതാണ്.</u> ടെൻഡർ ഫോമിന്റെ വില EMD എന്നിവ പണമായോ, ചെക്കായോ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച ടെൻഡർ ഫോമും മറ്റ് അനുബന്ധരേഖകളും കരാറുകാരന്റെ ലൈസൻസിന്റെ ഫോട്ടോകോപ്പിയും (കാലാവധി കാണിക്കുന്ന പേജ് അടക്കം) GST രജിസ്ട്രേഷനും, PAN തുടങ്ങിയവ <u>രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ്/കൊറിയർ മുഖാന്തരം വഴി മേൽ കാണിച്ച</u> നിശ്ചിത സമയത്തിനുള്ളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് ഡിവിഷൻ, കേരള കാർഷിക സർവ്വകലാശാല, കുമരകം, പിൻ-686563 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ടെൻഡർ അടക്കം ചെയ്ത കവറിനു മുകളിൽ <u>കരാറുകാരന്റെ പൂർണ്ണ മേൽവിലാസവും പണിയുടെ പേരും ക്രമനമ്പറും കാണിച്ചിരിക്കേണ്ടതാണ്.</u> **<u>ഫിനാൻഷ്യൽ ബിഡ് (BOQ) തപാലിൽ അയയ്ക്കുന്ന കവറിൽ ഉള്ളടക്കം ചെയ്യരുത്.</u>**

തൊഴിലാളി സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ദർഘാസിനോടൊപ്പം സംഘത്തിന്റെ പേരിൽ പി.ഡബ്ല്യൂ.ഡി യിൽ നിന്ന് ലഭിച്ചിട്ടുള്ള അതാത് ദർഘാസ് തുകയ്ക്ക് അനുസരിച്ചിട്ടുള്ളതോ കൂടുതലോ ഉള്ള ലൈസൻസിന്റെ കോപ്പി കാലാവധി കാണിക്കുന്ന പേജ് ഉൾപ്പെടെ അടക്കം ചെയ്യേണ്ടതും അനുബന്ധ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും കൂടാതെ അവരുടെ കൈവശമുള്ള എല്ലാ ജോലികളുടെയും വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് സഹകരണ സംഘം അസി.രജിസ്ട്രാറുടെ സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.

**ദർഘാസ് വില,** നിരതദ്രവ്യം എന്നിവയിൽ ഇളവ് അനുവദിക്കുന്നതല്ല. ദർഘാസുകളോടൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്. കേരള പി.ഡബ്ല്യൂ.ഡി യിലേയും കാർഷിക സർവ്വകലാശാലയിലേയും എല്ലാ നിബന്ധനകളും കൂടാതെ കേരളം സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.429/15/Fin. തീയ്യതി: 28.09.2015 പ്രകാരമുള്ള നിബന്ധനകളും ഈ ദർഘാസിനു ബാധകമായിരിക്കും.

**<u>ജി.എസ്.ടി സംബന്ധിച്ച് കലാകാലങ്ങളിലുള്ള സർക്കാർ തീരുമാനങ്ങൾ ഈ ടെൻഡറിനു ബാധകമായിരിക്കും.</u>**

(ഒപ്പ്)

മുഹമ്മദ് അബ്ദുൾ ഖാദർ കെ. എച്ച്

എക്സിക്യൂട്ടീവ് എഞ്ചിനീയർ (i/c)
(ബഹു.വൈസ് ചാൻസിലർക്കു വേണ്ടി)

കോപ്പികൾ:- 1) നോട്ടീസ് ബോർഡ്, എഞ്ചിനീയറിംഗ് ഡിവിഷൻ, കുമരകം.
2) കെ.എ.യു വെബ് സൈറ്റ്.
3) നോട്ടീസ് ബോർഡ്, എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, കുമരകം.